(ബി) 9274 വീടുകൾ. വിശദാംശം താഴെ ചേർക്കുന്നു :

ബി.പി.എൽ. - 1852

എസ്.സി./എസ്.റ്റി. - 159

മറ്റു വിഭാഗങ്ങൾ - 7263

(സി) വൈദ്യുതീകരിക്കാത്ത വീടുകളുടെ വിവരങ്ങൾ ലഭ്യമല്ല. 24-7-2015-ലെ കണക്കുപ്രകാരം 22 അപേക്ഷകർക്ക് വൈദ്യുതി കണക്ഷൻ നൽകുവാനുണ്ട്. കൽപ്പറ്റ മുനിസിപ്പാലിറ്റിയിൽ 9 വീടുകളും പടിഞ്ഞാറെത്തറ ഗ്രാമപഞ്ചായത്തിൽ 9 വീടുകളും മുട്ടിൽ ഗ്രാമപഞ്ചായത്തിൽ 4 വീടുകളും ഇതിലുൾപ്പെടുന്നു.

സ്ട്രീറ്റ് ലൈറ്റുകൾ

30 (5834) ശ്രീ. പി. തിലോത്തമൻ : താഴെ കാണുന്ന ചോദ്യങ്ങൾക്ക് ഊർജ്ജ വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ :

(എ) സ്ട്രീറ്റ് ലൈറ്റുകൾ പൂർണ്ണമായും എൽ.ഇ.ഡി. ആക്കുന്നതിന് എന്തെങ്കിലും പദ്ധതികൾ നപ്പിലാക്കിയിട്ടുണ്ടോ ; ഇതിന്റെ വിശദവിവരം നൽകുമോ ;

(ബി) സ്ട്രീറ്റ് ലൈറ്റുകൾ എൽ.ഇ.ഡി. ബൾബുകളാക്കിയാൽ എത്രമാത്രം വൈദ്യുതി ലാഭിക്കാമെന്നാണ് കരുതുന്നതെന്ന് പറയാമോ ;

(സി) ഏതെല്ലാം മേഖലകളിലും ഡിവിഷനുകളിലും ഇപ്രകാരം എൽ.ഇ.ഡി. ബൾബുകൾ സ്ഥാപിക്കുന്ന നടപടി പൂർത്തിയാക്കിയെന്ന് പറയാമോ ?

ഉത്തരം

(എ) (i) ആലപ്പുഴ മുനിസിപ്പാലിറ്റിയിൽ നിലവിലുള്ള തെരുവ് വിളക്കുകൾ എൽ.ഇ.ഡി. ലൈറ്റുകൾ ആക്കുന്നതിന് ഒരു പദ്ധതി വൈദ്യുതി ബോർഡ് കേന്ദ്ര ഗവൺമെന്റ് കമ്പനിയായ എനർജി എഫിഷ്യൻസി സർവ്വീസസ് ലിമിറ്റഡ് (ഇ.ഇ.എസ്.എൽ.) മുഖേന നടപ്പിലാക്കുന്നതിനുള്ള തീരുമാനമായിട്ടുണ്ട്. അതിന്റെ പ്രാരംഭ നടപടികൾ നടന്നുവരുന്നു. ഇതിന്റെ ഭാഗമായി ആലപ്പുഴ മുനിസിപ്പാലിറ്റി കെ.എസ്.ഇ.ബി.എൽ.-മായും കെ.എസ്.ഇ.ബി.എൽ., ഇ.ഇ.എസ്.എൽ.- മായും കാരാറിൽ ഏർപ്പെട്ടിട്ടുണ്ട്.

(ii) വല്ലച്ചിറ, നെന്മണിക്കര പഞ്ചായത്തുകളിലെ തെരുവുവിളക്കുകൾ പൂർണ്ണമായും എൽ.ഇ.ഡി. ആക്കി മാറ്റുന്നതിനുള്ള പ്രവർത്തനങ്ങൾ നടന്നുവരുന്നുണ്ട്.

LIBRARY ARCHIVES Kerala Legislative Assembly

(iii) കെ.എസ്.യു.ഡി.പി.വഴി കേരളത്തിലെ മുനിസിപ്പാലിറ്റികളിലെ തെരുവു വിളക്കുകൾ എൽ.ഇ.ഡി. ആക്കി മാറ്റുന്ന 'നഗരജ്യോതി' എന്ന ഒരു പദ്ധതി സർക്കാർ തലത്തിൽ നടപ്പിലാക്കാൻ തീരുമാനമായിട്ടുണ്ട്.

ഊർജ്ജ കാര്യക്ഷമതകൂടിയ എൽ.ഇ.ഡി. തെരുവുവിളക്കുകൾ പ്രചരിപ്പിക്കുന്നതിന്റെ ഭാഗമായി എനർജി മാനേജ്മെന്റ് സെന്ററിന്റെ ആഭിമുഖ്യത്തിൽ കേരളത്തിലെ 5 കോർപ്പറേഷനുകളിലും 60 മുനിസിപ്പാലിറ്റികളിലും 45 വാട്ടിന്റെ 100 വീതം എൽ.ഇ.ഡി. ലൈറ്റുകൾ സ്ഥാപിച്ച് നൽകുകയുണ്ടായി. കൂടാതെ ബ്യൂറോ ഓഫ് എനർജി എഫിഷ്യൻസിയുടെ സാമ്പത്തിക സഹായത്തോടുകൂടി താഴെപ്പറയുന്ന പദ്ധതികൾ നടപ്പിലാക്കി :

1. തിരുവനന്തപുരം കോർപ്പറേഷൻ വെള്ളയമ്പലം, വഴുതക്കാട് റോഡിൽ 100 വാട്ടിന്റെ 70 എൽ.ഇ.ഡി. തെരുവുവിളക്കുകൾ സ്ഥാപിച്ചു.

2. എൽ.ഇ.ഡി. വില്ലേജ് പദ്ധതിപ്രകാരം പാലക്കാട് ജില്ലയിലെ പെരുങ്ങോട്ടുകുറിശ്ശി പഞ്ചായത്തിലും മലപ്പുറം ജില്ലയിലെ നിലമ്പൂർ മുനിസിപ്പാലിറ്റിയിലെ ഒരു വാർഡിലും ആലപ്പുഴ മുനിസിപ്പാലിറ്റിയിലെ ഒരു വാർഡിലും 25 വാട്ടിന്റെ അമ്പതുവീതം തെരുവുവിളക്കുകൾ സ്ഥാപിച്ചു.

3. തിരുവനന്തപുരം കോർപ്പറേഷൻ പരിധിക്കുള്ളിൽ 45 വാട്ടിന്റെ 250 എൽ.ഇ.ഡി. തെരുവുവിളക്കുകൾ സ്ഥാപിക്കുന്നതിനുള്ള നടപടികൾ പുരോഗമിക്കുന്നു.

4. വിളവൂർ, പെരുമ്പളം, ചിറ്റാറ്റുകര എന്നീ പഞ്ചായത്തുകളിൽ 50 വീതം എൽ.ഇ.ഡി. തെരുവുവിളക്കുകൾ സ്ഥാപിക്കുന്നതിനുള്ള നടപടികൾ പുരോഗമിക്കുന്നു.

5. കൂടാതെ കോർപ്പറേഷനുകളിലും മുനിസിപ്പാലിറ്റികളിലും പഞ്ചായത്തുകളിലും തനത് ഫണ്ട് ഉപയോഗിച്ചും അല്ലാതെയും എൽ.ഇ.ഡി. തെരുവുവിളക്കുകൾ സ്ഥാപിക്കുന്നതിന് നടപടികൾ സ്വീകരിച്ചിട്ടുണ്ട്.

(ബി) സാധാരണ ബൾബുകൾ, റ്റ്യൂബുകൾ, സോഡിയം വേപ്പർ വിളക്കുകൾ, മെർക്കുറി വേപ്പർ വിളക്കുകൾ എന്നിവ മാറ്റി തത്തുല്യ പ്രകാശം ലഭിക്കുന്ന വോൾട്ടേജിലുള്ള എൽ.ഇ.ഡി. വിളക്കുകൾ സ്ഥാപിച്ചാൽ 40 മുതൽ 60 ശതമാനംവരെ ഊർജ്ജ ലാഭം ഉണ്ടാകുന്നതാണെന്ന് കണക്കാക്കപ്പെടുന്നു.

(സി) കേരള ഇലക്ട്രിസിറ്റി ബോർഡ് ലിമിറ്റഡ് മുഖേന എൽ.ഇ.ഡി. ബൾബുകൾ സ്ഥാപിക്കുന്നതിനുള്ള നടപടികൾ പുരോഗമിക്കുകയാണ്.

LIBRARY ARCHIVES Kerala Legislative Assembly